# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26



**പഠിക്കാം വളരാം ....**

ജി .എസ് . എം .എൽ .പി .സ്കൂൾ

തത്തമംഗലം

# ആമുഖം

ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റിയിൽ സ്ഥിതിചെയ്യുന്ന ഗവൺമെന്റ് സീലി മെമ്മോറിയൽ എൽപി സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്ന ഈ വിദ്യാലയം തുടങ്ങിയത് 1961 ലാണ്. ജി.എസ്.എം. ഹൈസ്കൂളിനോട് ചേർന്ന് പ്രവർത്തിച്ചിരുന്ന ഈ സ്കൂൾ അവിടെ നിന്നും മാറ്റി പ്രത്യേകം ഒരു സ്കൂളായി പ്രവർത്തിക്കാൻ തുടങ്ങിയത് 1973 ലാണ്.

ഈ വിദ്യാലയത്തിൽ ഏകദേശം നൂറോളം കുട്ടികളാണ് പഠിക്കുന്നത് പ്രധാന അധ്യാപിക ഉൾപ്പെടെ നാല് അധ്യാപകരും പ്രീ - പ്രൈമറിയിൽ മുപ്പതോളം കുട്ടികളും ഒരു അധ്യാപികയും ഒരു ആയയും പ്രവർത്തിച്ചുവരുന്നുണ്ട് .സ്കൂളിൽ ശുചീകരണ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി നിലവിൽ ഒരു PTCM ഉണ്ട്.

ഉച്ചഭക്ഷണം പോഷകാ സമൃദ്ധം ആകുന്നതിനു പാചകം ചെയ്യുന്നവരും ഉണ്ട്.ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ ഈ വിദ്യാലയം മികച്ചതാണ്. ഈ വിദ്യാലയത്തിൽ പഠിക്കുന്ന കുട്ടികൾക്ക് സുഖമായിരുന്നു പഠിക്കാനുള്ള 8 ക്ലാസ് മുറികളും കുട്ടികളുടെ എണ്ണത്തിന് അനുസൃതമായി ഫർണിച്ചറുകളും ഹൈടെക് പഠനം സാധ്യമാകുന്നതിന് സ്മാർട്ട് റൂമും,നാല് ലാപ്ടോപ്പുകളും മൂന്ന് പ്രോജക്ടറും ഉണ്ട്.

ഓഫീസ് റൂം, സ്റ്റാഫ് ഉൾപ്പെടെയുള്ള 8 ക്ലാസ് മുറികളും ടൈൽ പതിച്ചതും വൈദ്യുതീകരിച്ചതുമാണ്. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ടോയ്‌ലറ്റുകളും ബാത്റൂമും ഉണ്ട്. ഭക്ഷണം പാചകം ചെയ്യുന്നതിന് വൃത്തിയുള്ള അടുക്കളയും ഹാളും ഉണ്ട്.വിശാലമായ കളിസ്ഥലവും മുൻവശത്തായി ഒരു സ്റ്റേജും സുരക്ഷിതമായ ചുറ്റുമതിലും വിദ്യാലയത്തെ ആകർഷകമാക്കുന്നു.

# അവസ്ഥ വിശകലനം

2025- 26 അധ്യായന വർഷത്തിലെ സ്കൂളിന്റെ തനത് പ്രവർത്തനം ഈ വിദ്യാലയത്തിൽ പഠിക്കുന്ന കുട്ടികളുടെ സാമൂഹിക പശ്ചാത്തലം വളരെ പരിതാപകരമാണെന്ന് മനസ്സിലാക്കാൻ സാധിച്ചു. ഇത്തരം സാഹചര്യത്തിൽ നിന്നും വരുന്ന കുട്ടികൾക്ക് ഗൃഹപാഠം അവരുടെ വീട്ടിൽ നിന്നും ചെയ്യാനുള്ള സാഹചര്യം ഇല്ല എന്ന് മനസ്സിലാക്കിയതുകൊണ്ട് അവരിലും ക്ലാസിലെ പ്രവർത്തനങ്ങൾ ഉറപ്പിക്കുന്നതിന് പ്രത്യേക സമയം കണ്ടെത്തി പ്രത്യേകം തയ്യാറാക്കിയ വർക്ക് ഷീറ്റുകളും മോഡ്യൂളുകളും ഉപയോഗിച്ചുള്ള ക്ലാസുകൾ സജ്ജമാക്കാൻ തീരുമാനിച്ചു സ്കൂളിന്റെ മികവാർന്ന പ്രവർത്തനത്തിന്റെ കണ്ണികളാകാൻ സാധിക്കും എന്ന് വിശ്വാസത്തോടെയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുൻപന്തിയിലേക്ക് എത്തിക്കുന്നതിനായി പ്രത്യേകം തയ്യാറാക്കിയ വർക്ക് ഷീറ്റുകളും അക്ഷരത്തെളിച്ചം ക്ലാസും, റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളും നിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്റ്റേറ്റ് അച്ചീവ് മെന്റ്  സർവേയുടെ ഭാഗമായി SAS ഇവാല്യവേഷനു വേണ്ട പ്രവർത്തനങ്ങൾ പാഠഭാഗപ്രവർത്തനങ്ങൾക്ക് അനുസരിച്ച് നൽകി വരാനും, ഓരോ കുട്ടിയുടെയും നിലവാരത്തിനനുസരിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയും സ്കൂളിന്റെ തനത് പ്രവർത്തനമായ ലഘുപരീക്ഷണങ്ങൾ ഏറ്റെടുത്ത് ചെയ്യാൻ ഉച്ച സമയങ്ങളിലും മറ്റൊരു സമയങ്ങളിലും മറ്റു ഒഴിവു സമയങ്ങളിലും ക്ലാസ് സജ്ജമാക്കിയിട്ടുണ്ട്.

വരും വർഷങ്ങളിൽ ഇത്തരം വിദ്യാർത്ഥികളെ മികവിന്റെ പാതയിൽ എത്തിക്കാൻ ഉതകുന്ന പ്രത്യേക പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത്.

# മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

1 . പിന്നോക്കക്കാരെ മുന്നിൽ കണ്ടുകൊണ്ടുള്ള ഭാഷാ ക്ലബിന്റെ പ്രവർത്തനം സജ്ജമാക്കൽ

2 .വായനോത്സവം സജ്ജീകരിക്കൽ

3 .രചനോത്സവം സംഘടിപ്പിക്കൽ

4 .കഥോത്സവം സംഘടിപ്പിക്കൽ

5 .പാട്ടരങ്ങ് സംഘടിപ്പിക്കൽ

6.പ്രീ പ്രൈമറി തലത്തിൽ ആട്ടവും പാട്ടും ,കഥോത്സവം,രചനോത്സവം ,വരയുത്സവം എന്നിവ സംഘടിപ്പിക്കൽ

7.ഗണിതശേഷി വികസനത്തിനായി ഗണിത ശില്പ ശാല സംഘടിപ്പിക്കലും ഗണിത പ്രവർത്തനങ്ങൾ ,ഗണിത ലാബ്‌ , എന്നിവ കാര്യക്ഷമമാക്കൽ

8.ഇംഗ്ലീഷ് പഠനം പരിപോഷിപ്പിക്കുന്നതിനായി ക്ലാസ്സ് പ്രവർത്തനങ്ങൾ Hello English മായി ബന്ധിപ്പിച്ച് നടപ്പാക്കൽ .

9 .ശാസ്ത്രകൗതുകം നടത്തുന്നതിനായി ലഘുപരീക്ഷണങ്ങൾ സ്കൂളിന്റെ തനതുപ്രവർത്തനമായി ഏറ്റെടുത്ത് ആഴ്ചയിൽ ഒരു പരീക്ഷണം എന്ന മുറയ്ക്ക് നടത്താൻ തീരുമാനിച്ചു

10.കുട്ടികളുടെ സർഗാത്മക വികസനത്തിനായി ഒന്നും ,രണ്ടും ക്ലാസ്സുകളിൽ സചിത്ര നോട്ടും സംയുക്ത ഡയറിയും തയ്യാറാക്കൽ

11.പരിഷ്കരിച്ച പാഠ്യ പദ്ധതി പ്രകാരം റീഡേഴ്സ് തീയേറ്ററും ,പ്രവർത്തനാധിഷ്ഠിത ക്ലാസ് മുറികളും സജ്ജമാക്കൽ

12.ഈ വിദ്യാലയത്തിന്റെ സ്പെഷ്യൽ പ്രോഗ്രാമായി എല്ലാ വെള്ളിയാഴ്ചകളിലും ഒന്ന് മുതൽ നാലുവരെ ക്ലാസ്സിലെ കുട്ടികൾക്ക് പൊതുവായി സ്പെല്ലിംഗ് ടെസ്റ്റ് നടത്തി ഫുൾ മാർക്ക് നേടുന്നവർക്ക് ആകർഷകവും പ്രയോജന പ്രദവുമായ സമ്മാനങ്ങൾ നൽകൽ .

13. സ്കൂൾ പച്ചക്കറിത്തോട്ടം സജ്ജമാക്കൽ

14.കുട്ടികളുടെ കായികശേഷി വികസനത്തിനായി 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് മുനിസിപ്പാലിറ്റി അനുവദിച്ച നൽകിയ സ്പോർട്സ് കിറ്റ് ഉപയോഗപ്പെടുത്തികൊണ്ട് PT പീരിയഡ് നടത്തുവാൻ തീരുമാനിച്ചു .

15.സ്കൂൾ മികവിന്റെ പ്രവർത്തനങ്ങൾ വളരെ കാര്യക്ഷമമാക്കുന്നതിനായി രക്ഷിതാക്കളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കൽ

16. ചിട്ടയായരീതിയിൽ സ്കൂൾ അസ്സംബ്ലി നടത്തൽ .അസ്സംബ്ലിയിൽ പത്ര വായന, ക്വിസ് , കടങ്കഥ / കടംകവിത ,കവിത ,പഴംചൊല്ല് എന്നിവ ഉൾപ്പെടുത്തൽ .

17.കുട്ടികളുടെ സർഗ്ഗവാസന പരിപോഷിപ്പിക്കുന്നതിനായി ആഴ്ചയിലൊരു ദിവസം ബാലസഭ നടത്തൽ .

18. ദിനാചരണങ്ങൾ അതിന്റെ അന്തസത്ത ഉൾക്കൊണ്ടു കൊണ്ട് തന്നെ ആചരിക്കൽ .

19. എൽ .എസ് .എസ്. പോലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് കുട്ടികളെ പ്രാപ്തരാക്കൽ .

20.. ഈ -ക്യൂബ് ലാംഗ്വേജ് ലാബ് പഠനം പാഠ്യപദ്ധതിയുമായി ബന്ധിപ്പിച്ച് ഐ . ടി സാധ്യത പരിപോഷിപ്പിക്കൽ.

21.. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ (iedc) ക്ക് മുൻഗണന നൽകുന്ന പ്രവർത്തനങ്ങൾ സജ്ജീകരിക്കൽ.

22. കുട്ടികളുടെ ഭാഷ ,ഗണിതം ,ഇടങ്ങി സാമൂഹിക അവബോധം വരെയുള്ള എല്ലാ മേഖലയിലും നേടിയിട്ടുള്ള ശേഷികൾ കൃത്യമായി വിലയിരുത്തി സഹിതം പോർട്ടലിൽ യഥാക്രമം രേഖപ്പെടുത്തൽ .

## അക്കാദമിക മാസ്റ്റർ പ്ലാൻ

**വിഷയം** - മലയാളം

**മേഖല** : എഴുത്തും വായനയും

**ലക്ഷ്യങ്ങൾ**

1. എല്ലാ കുട്ടികളിലും മലയാളം അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ.
2. എല്ലാവർക്കും എഴുത്തും വായനയും ഉറപ്പിക്കൽ.
3. ഭാഷയിലെ പിന്നോക്കാവസ്ഥ പരിഹരിക്കൽ.
4. എല്ലാ കുട്ടികളെയും മികച്ച വായനക്കാർ ആക്കുക.
5. വായനചിത്ര നോട്ട് ,സംയുക്ത ഡയറി ,സചിത്ര ഡയറി വിപുലീകരണം ന
6. പരിപോഷണത്തിനായി റീഡേഴ്സ് തിയേറ്റർ സജീവമാക്കൽ
7. ഫ്രീ ലൈബ്രറി തലത്തിൽ പാഠ്യ ഉത്സവങ്ങൾ സംഘടിപ്പിക്കൽ
(വായനോത്സവം ,കഥോത്സവം ........)
8. ക്ലാസ്സിലെ മികവാർന്ന കുട്ടികളുടെ സർഗാത്മകത പരിപോഷിപ്പിക്കൽ.
9. വായന കൂട്ടം , എഴുത്തുകൂട്ടം.
10. അമ്മ വായന.
11. ഗ്രന്ഥശാല അംഗത്വം.
12. ക്ലാസ് സഭ ,സ്കൂൾ സഭ , ബാലസഭ.
13. ക്ലാസ് ലൈബ്രറി , സ്കൂൾ ലൈബ്രറി.
14. വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ.
15. വായന സാമഗ്രികൾ കണ്ടെത്തൽ.
16. ദിനാചരണവുമായി ബന്ധപ്പെട്ട വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തൽ.
17. ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത ഉൾപ്പെടുത്തുന്നു.
18. ആശയക്രമീകരണത്തോടെ ഭാഷണം നടത്താൻ കഴിയുന്നു.
19. രക്ഷിതാക്കളുടെ പിന്തുണയും പങ്കാളിത്തവും ഫലപ്രദമായി
പ്രയോജനപ്പെടുത്തുന്നതിനുള്ള രീതികൾ വികസിപ്പിക്കുന്നു.
20. ആകർഷകവും സമഗ്രവുമായ നോട്ടുബുക്ക് എല്ലാകുട്ടികൾക്കും ഉറപ്പാക്കുന്നു
വായനോത്സവം - സ്വതന്ത്രവായന പാഠസമ്പത്ത്.

**അക്കാദമിക നേട്ടങ്ങൾ**

1. pre test നടത്തുന്നു ,പിന്നോക്കക്കാരെ കണ്ടെത്തുന്നു.
2. എല്ലാ കുട്ടികൾക്കും എഴുത്തും വായനയും ഉറപ്പിക്കുന്നു.
3. എല്ലാവരെയും മികച്ച എഴുത്തുകാരാക്കുന്നു.
4. എല്ലാവരെയും മികച്ച വായനക്കാരാക്കുന്നു.
5. കുട്ടികളിലെ സർഗ്ഗശേഷി വളർത്തുന്നു.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കാൻ (മലയാളത്തിളക്കം) | പ്രീ ടെസ്റ്റ് നടത്തി പിന്നാക്കക്കാരെ കണ്ടെത്തൽ.<br>1.അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നങ്ങൾ ഉറപ്പിക്കൽ | ജൂൺ – ജൂലൈ | | |
| 2 | സംയുക്ത ഡയറി എഴുത്ത് പാഠങ്ങൾ | 3.അക്ഷര കാർഡ് നൽകൽ<br>4.വാക്കുകൾ എഴുതിയ കാർഡ്<br>5.വാക്കുകൾ നിർമ്മിക്കൽ<br>6.വാക്യങ്ങൾ നിർമ്മിക്കൽ<br>7.ചിത്രം - അടിക്കുറിപ്പ് | | അക്ഷര കാർഡ് | അധ്യാപകൻ |
| | | 8.ചിത്രം - കഥ പറയാൻ<br>9.ചിത്രം - കഥ എഴുതൽ<br>10.കഥ ബാക്കി എഴുതൽ<br>11.കഥാപുസ്തകം നൽകൽ | ഓഗസ്റ്റ് - സെപ്റ്റംബർ | വാക്കുകൾ , വാക്യങ്ങൾ എഴുതിയ കാർഡ് | അധ്യാപകൻ |
| | | 12.ചിത്രങ്ങൾ വീഡിയോ പ്രദർശിപ്പിച്ച് അതിൽ നിന്ന് വാക്യങ്ങൾ എഴുതൽ<br>13.ഭാഷാപരമായിപിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | ഒക്ടോബർ – നവംബർ | ചിത്രങ്ങൾ | അധ്യാപകൻ |
| | | 14.സ്വന്തം രചന | നവംബർ – ഡിസംബർ | ICT | അധ്യാപകൻ |

| | | | | | |
|---|---|---|---|---|---|
| 3. | സചിത്ര നോട്ട് | 1. പാഠഭാഗവുമായി ബന്ധപ്പെട്ട കഥാപാത്രങ്ങൾ കണ്ടെത്തൽ<br>2 . ചിത്രങ്ങൾ നൽകൽ<br>3 .സംഭാഷണങ്ങൾ എഴുതൽ<br>4 .വിവരണം എഴുതൽ<br>5 .കവിത രചിക്കൽ | ജൂൺ - ജൂലൈ | ചിത്രങ്ങൾ | അധ്യാപകൻ |
| 4. | ആക്ടിവിറ്റി ബുക്ക് | 1.പാഠഭാഗവുമായി ബന്ധപ്പെട്ട ആക്ടിവിറ്റികൾ യഥാക്രമം ക്ലാസ്സ്‌റൂമിൽ വെച്ചുതന്നെ ചെയ്യിക്കൽ<br>2.മൂല്യനിർണയം നടത്തൽ | ഓഗസ്റ്റ് - സെപ്റ്റംബർ | വാക്കുകൾ , വാക്യങ്ങൾ എഴുതിയ കാർഡ് | അധ്യാപകൻ |
| 5. | എല്ലാ കുട്ടികളിലും മലയാളം അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ | 1.അക്ഷര കാർഡ് ,വാക്യ കാർഡ് തയ്യാറാക്കൽ<br>2.അക്ഷര കാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ<br>3.വാക്കുകൾ എഴുതിയ കാർഡിലൂടെ വാക്യങ്ങൾ നിർമ്മിക്കൽ<br>4.വർക്ക് ഷീറ്റ് നൽകി ചിഹ്നങ്ങൾ ചേർക്കൽ .<br>5. ചിഹ്നങ്ങൾ ആവർത്തിച്ച് വരുന്ന കവിതകൾ പരിചയപ്പെടുത്തൽ<br>6.റീഡിങ് കാർഡിലൂടെ വാക്കുകളും ചിഹ്നങ്ങളും കണ്ടെത്തൽ | | | |
| 6. | എല്ലാ കുട്ടികളെയും മികച്ച വായനക്കാരനാക്കുക | 1.ക്ലാസ് വായന കൂട്ടം രൂപീകരിക്കൽ<br>2.വായന മൂല ,ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ | | | |
| 7. | വായനോത്സവം | പത്രവായന<br>'അമ്മ വായന പുസ്തക ചർച്ച<br>വായന മത്സരം<br>പതിപ്പുകൾ<br>വായനക്കുറിപ്പ് തയ്യാറാക്കൽ | | | |

| | | |
|---|---|---|
| 8. | വായനോത്സവം കുട്ടികൾക്ക് | വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം ചെയ്യൽ പദസമ്പത്ത് സ്വതന്ത്ര വായന സങ്കല്പികത വ്യത്യസ്ത രീതിയിലുള്ള സംഭാഷണങ്ങളും വിവരണങ്ങളും പരിചയപ്പെടൽ |
| 9. | റീഡേഴ്സ് തിയേറ്റർ | പാഠഭാഗത്തിലെ സന്ദർഭങ്ങൾ ശബ്ദവ്യതിയാനത്തോടെ വായിക്കൽ , അഭിനയിക്കൽ , അവതരിപ്പിക്കൽ |
| 10. | കഥോത്സവം | കുട്ടി വീട്ടിൽ നിന്ന് കേട്ട കഥകൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു 2 .വായന അനുഭവം പങ്കിടുന്നു 3 .കഥയെ പാട്ടാക്കുന്നു 4 .കഥ മാറ്റി പറയുന്നു 5 .കഥയുടെ ചിത്രം വരയ്ക്കുന്നു 6 .ക്ലാസ്സ് PTA യിൽ അവതരിപ്പിക്കുന്നു |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2 | എല്ലാ കുട്ടികളിലും മലയാളം അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ | 1.അക്ഷര കാർഡ് ,വാക്യ കാർഡ് തയ്യാറാക്കൽ<br>2.അക്ഷര കാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ<br>3.വാക്കുകൾ എഴുതിയ കാർഡിലൂടെ വാക്യങ്ങൾ നിർമ്മിക്കൽ<br>4.വർക്ക് ഷീറ്റ് നൽകി ചിഹ്നങ്ങൾ ചേർക്കൽ .<br>5.ചിഹ്നങ്ങൾ ആവർത്തിച്ചു വരുന്ന കവിതകൾ പരിചയപ്പെടുത്തൽ<br>6.റീഡിങ് കാർഡിലൂടെ വാക്കുകളും ചിഹ്നങ്ങളും കണ്ടെത്തൽ | ഡിസംബർ - ജനുവരി | വർക്ക് ഷീറ്റ് റീഡിങ് കാർഡ് | അധ്യാപകൻ |
| 3 | എല്ലാ കുട്ടികളെയും മികച്ച വായനക്കാരനാക്കുക | 1.ക്ലാസ് വായന കൂട്ടം രൂപീകരിക്കൽ<br>2.വായന മൂല ,ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ | ജനുവരി - ഫെബ്രുവരി | പുസ്തകങ്ങൾ , പത്രങ്ങൾ , വായന കാർഡ് | |
| 4 | വായനോത്സവം | പത്രവായന<br>'അമ്മ വായന<br>പുസ്തക ചർച്ച<br>വായന അനുഭവം പങ്കുവയ്ക്കൽ<br>വായന കുറിപ്പ് തയ്യാറാക്കൽ<br>വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം ചെയ്യൽ<br>പദസമ്പത്ത്<br>സ്വതന്ത്ര വായന<br>സങ്കല്പികത<br>വ്യത്യസ്ത രീതിയിലുള്ള സംഭാഷണങ്ങളും വിവരണങ്ങളും പരിചയപ്പെടൽ | | | അധ്യാപകൻ |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 4 | എല്ലാ കുട്ടികളെയും മികച്ച എഴുത്തുകാരാക്കുക. | എഴുത്തുകൂട്ടം രൂപീകരിക്കൽ.<br>പുസ്തക ചർച്ച. | ഫെബ്രുവരി | ചാർട്ട് | Brc അധ്യാപകൻ |
| 5 | രചനോത്സവം. | ക്ലാസ് ലൈബ്രറി.<br>വായന കുറിപ്പ്<br>പതിപ്പ്ആസ്വാദനകുറിപ്പ് തയാറാക്കുക.<br>വ്യക്തിഗത രചന.<br>സംഘ രചന.<br>ഭാഷ പ്രോജെക്ട്.<br>സ്കൂൾ പത്രം.<br>മാഗസിൻ.<br>ചുമർ പത്രിക.. | | പുസ്തകങ്ങൾ | |
| 6. | സ്കൂൾ മാഗസിൻ | 1 കുട്ടികളുടെ സർഗാത്മക രചനകൾ 2 ചിത്രങ്ങൾ<br>3 .അനുഭവ കുറിപ്പുകൾ 4 ആനുകാലിക സംഭവവിവരങ്ങൾ 5 സ്കൂൾ മാഗസിൻ തയ്യാറാക്കൽ<br>6 .നിർമ്മാണം<br>7 .പ്രകാശനം | ഫെബ്രുവരി - മാർച്ച് | | അധ്യാപകൻ |
| 7 | പാഠങ്ങളിൽ നിന്നും ബാലസാഹിത്യ കൃതിയിലേക്ക്. | കഥ പറയിപ്പിക്കാൽ.<br>ചിത്രീകരണം.<br>ആശയം എഴുതൽ.<br>കണ്ടു ബാലസാഹിത്യം.<br>രചന പുസ്തക നിർമ്മാണം<br>പ്രകാശനം | ഫെബ്രുവരി - മാർച്ച് | മാതൃക പുസ്തകങ്ങൾ | അധ്യാപകൻ |
| 8 | മലയാള മധുരം | 1 കഥയുടെ ഇഷ്ടമുള്ള ഭാഗം വായിക്കണം<br>2 .കഥയുടെ നിർദേശിച്ച ഭാഗം വായിക്കണം | | | |

# വിഷയം : ഗണിതം

കാലയളവ്: ജൂൺ മുതൽ ഫെബ്രുവരി വരെ

പദ്ധതിയുടെ പേര്: ഗണിതം ലളിതം

**അവസ്ഥാ വിശകലനം:**

ഓരോ ക്ലാസിലും കുട്ടികളുടെ നിലവാരത്തിന് അനുയോജ്യമായ ഗണിതശേഷികൾ നേടിയിട്ടുണ്ടെങ്കിലും ഭൂരിഭാഗം കുട്ടികളിലും പ്രശ്ന അപഗ്രഥനം ഒരു മുഖ്യ പ്രശ്നമായി തന്നെ നിലകൊള്ളുന്നു.

ചുരുക്കം ചില കുട്ടികളിൽ ചതുഷ്ക്രിയകൾ ഉറക്കാത്തത് തുടർക്രിയകൾക്ക് പ്രയാസം നേരിടുന്നതായി കാണാൻ സാധിച്ചുലക്ഷ്യം

1 സംക്രിയകൾ എല്ലാ കുട്ടികളിലും
ഉറപ്പിക്കൽ

2. പ്രശ്നാവതരണം നിത്യജീവിതമായി ബന്ധിപ്പിക്കൽ

3. ഗണിത അഭിരുചി

വളർത്തൽ

4. ഗണിത അധ്യാപകനുമായുള്ള നല്ല സമീപനത്തിലൂടെ ഗണിതം മധുരമാക്ക ൽ.

5. ഗണിത ശിൽപ്പശാല സംഘടിപ്പിച്ച് ഗണിതം ലളിതമാക്കൽ.

6. കരിക്കലം വിഭാവനം ചെയ്യുന്ന ശേഷിയിൽ നേടിയെന്ന് ഉറപ്പിക്കൽ.

7. ആധുനിക സാങ്കേതികവിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.

8. യുക്തിചിന്ത, ഗണിത ചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

9. ഗണിതത്തിൽ മനക്കണക്കിന് സാധ്യത പ്രയോജനപ്പെടുത്തുന്നു.

10. ഗണിത പഠനത്തിന് രക്ഷിതാക്കളുടെ സഹായം ഉറപ്പിക്കുന്നതിപിന്തുണയും പങ്കാളിത്തവും ഉറപ്പാക്കുക.

11. പഠനശേഷികൾ വിലയിരുത്തുന്നതിനുള്ള രീതികൾ വികസിപ്പിക്കുന്നതിന്.10: 12 മണിക്കൂർ സമയം ഉറപ്പിക്കൽ: 12 മണിക്കൂർ ക്ലോക്ക് നിർമ്മിക്കൽ പ്രവർത്തനം ചെയ്യൽ.

12 24 മണിക്കൂർ സമയം ഉറപ്പിക്കൽ : 24 മണിക്കൂർ ബ്ലോക്ക് നിർമ്മിക്കൽ.

റെയിൽവേ സമയം പ്രവർത്തനങ്ങൾ ചെയ്യൽ.

AM, PM ഉറപ്പിക്കൽ.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | വിഭവങ്ങൾ | പിന്തുണ |
|---|---|---|---|---|---|
| 1. | എണ്ണൽ സംഖ്യകൾ ഉറപ്പിക്കൽ. | 1. നമ്പർ കാർഡുകൾ നൽകൽ. മഞ്ചാടിക്കുരു, മുത്ത്, പുളിങ്കുരു, കമ്പുകൾ, അബാക്കസ് എന്നിവ നൽകി എണ്ണാൻ അവസരം നൽകണം. | ജൂൺ - ജൂലൈ | സാമഗ്രികൾ : സംഖ്യാകാർഡുകൾ | അധ്യാപകർ |
| 2. | സംഖ്യ കാർഡ് നിർമ്മിക്കൽ | സംഖ്യ കാർഡ് നിർമ്മിച്ച് സംഖ്യ തിരിച്ചറിയൽ | ജൂലൈ - ഓഗസ്റ്റ് | സംഖ്യ കാർഡ് | അധ്യാപകർ |
| 3. | ചെറിയ സംഖ്യ വലിയ സംഖ്യ തിരിച്ചറിയൽ | വസ്തുക്കൾ സംഖ്യാ കാർഡുകൾ എന്നിവ വച്ച് ചെറുത് വലുത് വ്യക്തമാക്കൽ. | ഓഗസ്റ്റ് - സെപ്റ്റംബർ | വസ്തുക്കൾ | അധ്യാപകർ brc |
| 3. | ആരോഹണം അവരോഹണം | സംഖ്യ കാർഡ് ഉപയോഗിച്ച് ഉറപ്പിക്കൽ | ഒക്ടോബർ - നവംബർ | സംഖ്യകാർഡ് | അധ്യാപകർ |
| 4. | രണ്ടക്ക സംഖ്യകളുടെ സങ്കലനവും വ്യവകലനവും | വസ്തുക്കളും സംഖ്യ കാർഡുകളും ആരോകാർഡുകളും എന്നിവ വച്ച് രണ്ട് സംഖ്യകളുടെ സങ്കലനവും വ്യവകലനവും ഉറപ്പിക്കുന്നു. ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ ചെയ്യുന്നു. | ഡിസംബർ - ജനുവരി | സംഖ്യ കാർഡ് ,ആരോ കാർഡ് | അധ്യാപകർ |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 5. | സംഖ്യാ വ്യാഖ്യാനം | കമ്പ്യൂട്ടർ വർക്ക് ഷീറ്റുകൾ വസ്തുക്കൾ എന്നിവ നൽകി സംഖ്യാ വ്യാഖ്യാനം ഉറപ്പിക്കുന്നു. | സെപ്റ്റംബർ- ഒക്ടോബർ | വർക്ക് ഷീറ്റുകൾ | അധ്യാപകർ |
| 6. | ഗുണനം ഉറപ്പിക്കൽ. | ആവർത്തന സങ്കലനം വ്യക്തമാക്കൽ പട്ടിക രൂപീകരിക്കൽ ഗുണനക്രിയകൾ ചെയ്യൽ | ഒക്ടോബർ- നവംബർ | | അധ്യാപകർ |
| 7. | ഇതുവരെയുള്ള ശേഷികൾ ഉറപ്പിക്കൽ. | എണ്ണൽ സംഖ്യകൾ വലുത് ചെറുത് ആരോഹണം അവരോഹണം സങ്കലനം വ്യവകലനം സംഖ്യാനം ഗുണനം. | ഡിസംബർ - ജനുവരി | | അധ്യാപകർ |
| 8 | ഹരണം ഉറപ്പിക്കൽ | ആവർത്തന സങ്കലനം വ്യക്തമാക്കൽ പട്ടിക രൂപീകരിക്കൽ ഗുണനക്രിയകൾ ചെയ്യൽ | ജനുവരി- ഫെബ്രുവരി | | അധ്യാപകർ |
| 9 | പ്രശ്നാ അപഗ്രഥനം. നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും നൽകി പ്രശ്ന പരിഹാരം നടത്തുന്നു. | ഒരക്ക സംഖ്യകളുടെ ഹരണം, രണ്ടക്ക സംഖ്യകളുടെ ഹരണം, എന്നീ ക്രമത്തിൽ ഹരണം ഉറപ്പിക്കുന്നു. | മാർച്ച് | വില വിവര പട്ടിക | അധ്യാപകർ |
| 10 | 12 മണിക്കൂർ ക്ലോക്ക് സമയം ഉറപ്പിക്കൽ. 24 മണിക്കൂർ ക്ലോക്ക് സമയം റെയിൽവേസമയം AM, PM ഉറപ്പിക്കൽ. | സമയംAM, PM ഉറപ്പിക്കൽ. | മാർച്ച് | | അധ്യാപകർ |

## വിഷയം : ഇംഗ്ലീഷ്

കാലയളവ്: ജൂൺ- ഫെബ്രുവരി.

ഇംഗ്ലീഷ് Alphabetic letters ( capital letters and small letters ) ഭൂരിഭാഗം കുട്ടികളും ഉറപ്പിച്ചിട്ടുണ്ട്. പക്ഷെ ചുരുക്കം ചിലരിൽ ഇനിയും alphabetic letters കൃത്യമായി ഉറപ്പിക്കാനുണ്ട് ചെറിയ ക്ലാസുകളിലെ പഠനം കോവിഡാനന്തരം( ഓൺലൈൻ ക്ലാസിൽ ) കുട്ടികളിൽ അക്ഷരം ഉറപ്പിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ടിട്ടുണ്ട്. അതുപോലെതന്നെ ഓരോ ലെറ്ററിന്റെയും ഉച്ചാരണവും പല സന്ദർഭവും കുട്ടികളിൽ ആശങ്ക ഉണ്ടാക്കുന്നു. അത് അവരുടെ എഴുത്തിലും വായനയിലും കാര്യമായി ബാധിക്കുന്നു. ഇംഗ്ലീഷിൽ അടുത്താണ് ഗ്രാമർ. അതുപോലെതന്നെ പദ സമ്പത്ത് കുറവും അവരുടെ ആശയ പ്രകാശനത്തിന് പ്രതികൂലമായി ബാധിക്കുന്നു.

ലക്ഷ്യങ്ങൾ.

1.എല്ലാവരിലും ഇംഗ്ലീഷിൽ അടിസ്ഥാനപരമായ alphabetic letters ഉറപ്പിക്കൽ.

2. ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കൽ.

3. ഇംഗ്ലീഷ് അടിസ്ഥാനപരമായ ഗ്രാമർ കുട്ടികളിൽ എത്തിക്കൽ.

4. ഇംഗ്ലീഷിൽ rhyming word

5. English rhymes കേൾക്കാനും പാടാനുമുള്ള അവസരം ഒരുക്കൽ.

6. ഇംഗ്ലീഷ് സ്റ്റോറി കേൾക്കാനും വായിക്കാനും ഉള്ള അവസരം ഒരിക്കൽ.

7. E-qube ഇംഗ്ലീഷ് ലാംഗ്വേജ് പഠനത്തിനുള്ള I C T സാധ്യത ഉപയോഗിച്ചുകൊണ്ട് ഇംഗ്ലീഷിൽ താൽപര്യം ജനിപ്പിക്കൽ.

8. സിമ്പിൾ

. sentence ( about me, my family ) എഴുത്തും വായനയും ഉറപ്പിക്കൽ.

9. പഠനവുമായി ബന്ധപ്പെട്ട ഇന്നി ഒബ്ജക്റ്റീവ് ഉറ ഉറപ്പിക്കൽ.

10. ഇംഗ്ലീഷ് കാണികളുടെ ധാരാളം വായിക്കാനുള്ള അവസരം ഒരു ക്കൽ.

11.വ്യത്യസ്ഥങ്ങളായ ചിത്രങ്ങൾ പ്രദർശിപ്പിച്ചുകൊണ്ട് ഡിസ്ക്രിപ്ഷൻ തയ്യാറാക്കൽ.

12.Riddles നിർമ്മാണം.

13. ഡയറി എഴുതൽ.

14. All learners respond to the questions of the teachers.

15 All learners Generate simple descriptions and conversation.

16. കുട്ടികളുടെ ഇംഗ്ലീഷ് ലാംഗ്വേജ് എലിജിബിലിറ്റി തിനായി ഇംഗ്ലീഷ് ഫെസ്റ്റ് നടത്തൽ.

ഇംഗ്ലീഷ് പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | English letters ഉറപ്പിക്കൽ. | letter കാർഡുകൾ/ മോഡലുകൾ നൽകൽ. | ജൂൺ- ജൂലൈ | മോഡൽസ് ലെറ്റർ കാർഡ് | അധ്യാപകൻ |
| 2. | ഓരോ letters ന്റെ യും sound ഉറപ്പിക്കൽ. | ICT സാധ്യത ഉപയോഗപ്പെടുത്താൻ. | ജൂലൈ- ഓഗസ്റ്റ്. | lap,projector | അധ്യാപകൻ |
| 3. | ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കൽ (vocabulary). | 1.ഓരോ ലെറ്റേഴ്സ് നൽകി ആ ലെറ്ററിൽ ഇടങ്ങുന്ന വേർഡ്സ് കണ്ടെത്തൽ.<br>2.ഒരു വേർഡ് നൽകി ആ വേഡിലെ ലെറ്റേഴ്സ് ഉപയോഗിച്ചുകൊണ്ട് അർത്ഥവത്തായിട്ടുള്ള വേർഡ്സ് നിർമ്മിക്കൽ.<br>3. Names (animals, birds, plants, flowers, vehicles, etc) കണ്ടെത്തൽ. | സെപ്റ്റംബർ- ഒക്ടോബർ | word cards | അധ്യാപകൻ |
| 4 | grammar പരിചയപ്പെടുത്തൽ. | 1. simple sentence നിർമ്മിക്കൽ.<br>2. Subject, verb,object തിരിച്ചറിയൽ | നവംബർ - ഡിസംബർ | substitution table | അധ്യാപകൻ |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 8. | Unit entry activity | Curtain raiser activities | | | |
| 9. | learning objectives ഉറപ്പാക്കൽ . | 'Our family' എഴുതൽ<br>speach bubbles എഴുതൽ<br>read and rejoies തയ്യാറാക്കൽ<br>thoughts എഴുതൽ<br>add more lines എഴുതൽ<br>dairy എഴുതൽ<br>digi task<br>my creative space devolep ചെയ്യൽ | ഫെബ്രുവരി | coversation , description , thoughts ,dairy , എന്നിവയുടെ ഫോൾഡർ | അധ്യാപകർ |
| 10 | All learners get interested in english learnig | special srg meeting for english.<br>Meeting for making english teaching effective reporting the training details and needs etc .<br>Developing a baseline tool for assessment.<br>assessing the learns levels.<br>work shop.<br>collecting necessary learning materials.<br>monitoring the development of each child .<br>reading extra books.<br>writing short notes on the books read . | ഫെബ്രുവരി - മാർച്ച് | | അധ്യാപകർ |

## വിഷയം :പരിസര പഠനം

കാലയളവ്: ജൂൺ- ഫെബ്രുവരി

അവസ്ഥാ വിശകലനം :

കുട്ടി അവന്റെ ക്ലാസ് മുറിയിൽ നിന്നും വീട്ടിൽ നിന്നും മറ്റു ചുറ്റുപാടുകളിൽ നിന്നും ധാരാളം കാര്യങ്ങൾ നിരീക്ഷിച്ചും, തൊട്ടറിഞ്ഞു, പരീക്ഷിച്ചും, അറിയുന്നുണ്ട്. നിത്യജീവിതത്തിൽ അവന്റെ ചുറ്റുമുള്ള പ്രകൃതിയെ കുറിച്ചും പ്രതിഭാസങ്ങളെ കുറിച്ചും വ്യക്തമായ അറിവ് സമ്പാദിക്കുകയും അത്തരം കാര്യങ്ങൾ പുതിയൊരു സന്ദർഭത്തിൽ പ്രയോഗിക്കുന്നതിനുള്ള അവസരങ്ങളുടെ അപര്യാപ്തത അവനിൽ ശാസ്ത്ര കൗതുകം വളർത്തുന്നു.

**ലക്ഷ്യങ്ങൾ :**

1 നിരീക്ഷണത്തിലൂടെ ചുറ്റുപാടും കണ്ടറിയൽ

2 തരംതിരിക്കലിലൂടെ വ്യത്യാസങ്ങൾ കണ്ടെത്തൽ

3 വർഗ്ഗീകരിച്ച് പ്രത്യേകതയുടെ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തൽ

4 വസ്തുക്കളെ തിരിച്ചറിഞ്ഞ് നിഗമനത്തിൽ എത്തൽ

5.ലഘുപരീക്ഷണത്തിലൂടെ ശാസ്ത്ര കൗതുകം വളർത്തൽ .

6.ലഘു പ്രോജക്ടിലൂടെ വിവരശേഖരണം നടത്തൽ.

7.ആൽബം തയ്യാറാക്കൽ.

8. വിവരശേഖരണത്തോട്ടുകൂടിയ പതിപ്പ് തയ്യാറാക്കൽ.

9. വസ്തുക്കളുടെ ശേഖരണത്തിലൂടെ പ്രത്യേകതകൾ തിരിച്ചറിയൽ

10. ഫീൽഡ് ട്രിപ്പിലൂടെ ആനന്ദകരവും ആഴത്തിലുള്ള പഠനം ഉറപ്പിക്കൽ.

11. അറിവ് നിർമ്മാണ പ്രവർത്തനത്തിലൂടെ ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കാൽ.

12. ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കാൽ അന്വേഷണ ത്വര വളർത്തൽ.

| ക്രമനമ്പർ | ഘട്ടം | പ്രവർത്തനങ്ങൾ | കാലയളവ് | ഉപാധികൾ | ചുമതല |
|---|---|---|---|---|---|
| 1. | പരിസര പഠനത്തിലൂടെ ചുറ്റുപാടുകൾ കണ്ട് നിരീക്ഷിക്കൽ. | ചുറ്റുപാടുമുള്ള കുളങ്ങൾ, വയൽ, കനാലുകൾ നിരീക്ഷിച്ച് അവയിലെ ജീവികളെ കണ്ടെത്തൽ, | ജൂൺ -ജൂലൈ | പരിസരം | അധ്യാപകൻ |
| 2. | വർഗ്ഗീകരണം | വാസസ്ഥലങ്ങൾ തിരിച്ചറിഞ്ഞ ജീവികളെ വർഗീകരിക്കൽ | | | |
| 3. | തരംതിരിച്ച് പട്ടിക പെടുത്തൽ | ചുറ്റുപാടുമുള്ള ജീവികളെ/ വസ്തുക്കളെ, ജീവനുള്ളവ/ ജീവനില്ലാത്തവ. ജലത്തിൽ ജീവിക്കുന്നവർ കരയിൽ ജീവിക്കുന്നവർ, ജലത്തിലും കരയിലും ജീവിക്കുന്ന വർ എന്നഅടിസ്ഥാനത്തിൽ പട്ടികപ്പെടുത്തുന്നു. | ജൂലൈ- ഓഗസ്റ്റ് | | അധ്യാപകൻ |
| 4. | വസ്തുക്കളെ തിരിച്ചറിഞ്ഞ നിഗമനത്തിലെത്തൽ | ഓരോ വസ്തുക്കളുടെയും/ ജീവികളുടെയും പ്രത്യേകതകൾ മനസ്സിലാക്കി നിഗമനത്തിലെത്തൽ. | | | |